# പാഠം / Lesson - 20

# യിസ്രായേലും മശിഹായും
# ISRAEL AND MESSIAH

**വായനഭാഗം / Scripture Portions**

യോഹ. 1:1-42 / John 1:1-42

**മനഃപാഠം / *Memory Verse* : യോഹ. 1:11-12 / Jn. 1:11-12**

“അവൻ സ്വന്തത്തിലേക്ക് വന്നു. സ്വന്തമായവരെ അവനെ കൈക്കൊണ്ടില്ല. അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു.”

“He came to that which was his own, but his own did not receive him. Yet to all who did receive him, to those who believed in his name, he gave the right to become children of God.”

**ലക്ഷ്യം :**

വാഗ്ദത്ത മശിഹാ അവതരിച്ചപ്പോൾ തന്നെ തിരിച്ചറിയാതെ തള്ളിക്കളഞ്ഞതിന്റെ തിക്തഫലം യെഹൂദൻ അനുഭവിച്ചത് ചരിത്രത്തിൽ നിന്ന് ഗ്രഹിച്ച് ക്രിസ്തുയേശുവിൽ സമ്പൂർണ്ണമായി വിശ്വസിക്കുക.

**വാഗ്ദത്തമശിഹ**

പാപത്തിൽ വീണ മനുഷ്യന് മശിഹായെക്കുറിച്ചുള്ള ആദ്യത്തെ വാഗ്ദത്തം (ഉല്പ. 3:15) സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും. എന്നുള്ളതു മുതൽ മശിഹാ സംബന്ധിച്ചുള്ള അനേക വാഗ്ദത്തങ്ങൾ ദൈവം നൽകി. നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്ന് ദൈവം അരുളിച്ചെയ്തത് മിശിഹായെ ഉദ്ദേശിച്ചായിരുന്നു

**Objective** :

Believe completely in Christ by undertaking from the history about jewish sufferings because they did not recognize promised Messiah.

**Promised Messiah**

The first promise to the fallen man about the Messiah, that the offspring of woman will crush serpent’s head (Gen. 3:15). Many promises were given concerning Messiah by God. All the nations of the world will be blessed through your offspring was a promise

(ഉല്പ. 22:18, ഗലാ. 3:16). ഈ വാഗ്ദത്തങ്ങൾ യിസ്ഹാക്കിനും. യാക്കോബിനും അവരുടെ പിൻഗാമിക്കും ആവർത്തിക്കപ്പെട്ടു. മശിഹായുടെ കന്യകാ ജനനം (യെശ. 7:14) ജനനസ്ഥലം (മീഖാ 5:2) ശുശ്രൂഷയുടെ വിധം (യെശ. 42:67) കഴുതപ്പുറത്ത് യെരുശലേമിലേക്കു പോകുന്നത് (സെഖ. 9:9) ഇടയൻ വെട്ടപ്പെടുന്നത് (സെഖ.13:7) സ്നേഹിതനാൽ ഒറ്റിക്കൊടുക്കപ്പെടുന്നത് (സെഖ. 11:12).കഷ്ടാനുഭവവും പ്രായശ്ചിത്ത മരണവും (യെശ. 53, സങ്കീ.22:52 കയ്പ്പ് കൊടുത്തത് (സങ്കീ. 68:21) ക്രൂശിലെ മൊഴികൾ (സങ്കീ. 22:1) അസ്ഥികൾ ഒടിക്കപ്പെടുന്നത് (സങ്കീ.34:20) കുന്തംകൊണ്ട് വിലാവ് കുത്തിത്തുറന്നത് (സെഖ. 12:10) പുനരുത്ഥാനം (സങ്കീ. 16:10) പരിശുദ്ധാത്മ പകർച്ച (യോവേ. 2:2830) മുതലായ അനേക പ്രവചനങ്ങളുടെ എല്ലാം നിവർത്തിയായി ദൈവം മശിഹായെ യിസ്രായേലിന്റെ മദ്ധ്യത്തലേക്കു അയച്ചു.

### തിരസ്കരണം

ദൈവിക വാഗ്ദത്തങ്ങൾ എല്ലാം നിറവേറ്റിക്കൊണ്ട് യേശു മശിഹാ യഹൂദാഗോത്രത്തിൽ ദാവീദിന്റെ സന്തതിയായി ജനിക്കുകയും അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവർത്തികളാലും ദൈവമഹത്വം വെളിപ്പെടുത്തുകയും ചെയ്തു. എന്നാൽ യെഹൂദാ ജാതി അന്ധബുദ്ധികളായി ഹൃദയം കഠിനപ്പെടുത്തുകയും മശിഹായെ തിരസ്ക്കരിക്കുകയും ചെയ്തു. യേശുവിന്റ ഉപദേശങ്ങൾ അവർക്ക് കഠിനമായി തോന്നി (യോഹ. 5:18, 19:7) ഒടുവിൽ ന്യായാധിപതിയായ പീലാത്തോസ് ഞാൻ ഇവനിൽ യാതൊരു കുറ്റവും കാണുന്നില്ലാ ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ലാ എന്നു പറഞ്ഞുകൊണ്ട് കൈ കഴുകി അപ്പോൾ അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ എന്ന് യെഹൂദജനം കൂട്ടത്തോടെ വിളിച്ചു പറഞ്ഞു. ഇങ്ങനെ അവർ തങ്ങളുടെ മശിഹായെ ഏറ്റവും ക്രൂരമായ വിധത്തിൽ കൊന്നുകളഞ്ഞു കൂശു മരണവും തദനന്തരമു

about the promised Messiah (Gen. 22:18, Gal. 3:16). These promises were repeated at the time of Isaac, Jacob and his descendants. Most of the prophecies related to Messiah have been fulfilled and God sent Messiah into the midst of Israel. The fulfilled prophecies related to Messiah (Is. 7:14), his place of birth (Mic. 5:2), way of ministry (Is. 42:67), riding of Messiah on a colt (Zech. 9:9), striking of the shepherd (Zech. 13:7), betrayed by Judas Iscariot (Zech. 11:12), sufferings and atonement (Is. 53, Ps. 22), vinegar offered (Ps. 68:21), words on the cross (Ps. 22:1), breaking of bones (Ps. 34:20), his body pierced with a spear (Zech. 12:10), resurrection (Ps. 16:10) and spreading of the holy spirit (Joel 2:28-30).

### Refusal of Jesus by Israel

By fulfilling all the prophecies, Jesus was born in the tribe of Judea and he was the son of David. He revealed the glory of God through signs and wonders. But the Israelites hardened their hearts and refused Messiah. Jesus' teachings were hard to them (Jn. 5:18, 19:7). Pilate, at last found no crime in Jesus and washed his hands and the people of Israel uttered, 'His blood is on us and on our children'. They killed Messiah brutally. Accordng to the plan of God, Jesus was crucified and raised from the death. But

ള്ള പുനരുത്ഥാനവും ദൈവിക പദ്ധതിയിൽ പ്പെട്ടതായിരുന്നെങ്കിലും യെഹൂദന്മാർ തങ്ങളുടെ പ്രവർത്തികളുടെ ഫലം അനുഭവിക്കേണ്ടി വന്നു എന്നുള്ളത് നഗ്നമായ ചരിത്ര സത്യമത്രേ നിന്റെ സന്ദർശനകാലം നീ അറിയാത്തതുകൊണ്ട് ശത്രുക്കൾ നിനക്കു ചുറ്റും വാടകോരി നിന്നെ വളഞ്ഞു നാലുപുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്തുതള്ളിയിട്ടു നിങ്ങൾ കല്ലിന്മേൽ കല്ലു ശേഷിക്കാതിരിക്കുന്ന കാലം നിനക്കു വരും (ലൂക്കൊ. 14:43-44) എന്നും യെരുശലേം പുത്രിമാരെ നിങ്ങൾ എന്നെ ചൊല്ലി കരയേണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവീൻ (ലൂക്കൊ. 23:28) എന്നും കർത്താവ് പറഞ്ഞതുപോലെ അവർക്കു സംഭവിച്ചു. എ.ഡി. 50 മുതൽ അടുത്തകാലം വരെ അവർ അനുഭവിച്ച പീഡകളുടെ കാഠിന്യം അവർണ്ണനീയമത്രേ.

## യിസ്രായേൽ പൂർണ്ണമായി ചിതറിക്കപ്പെട്ടത്

ആഗസ്തസ് ചക്രവർത്തിയുടെ ശേഷം റോമൻ സാമ്രാട്ടായ തിബര്യോസിന്റെ കാലത്ത് യഹൂദയില് പൊന്തിയോസ് പീലാത്തോസ് നാടുവാഴിയായിരിക്കുമ്പോഴാണല്ലോ യേശു ക്രൂശിക്കപ്പെട്ടത്. ഏകദേശം 20 വർഷങ്ങൾക്ക്ശേഷം എ.ഡി. 50-ൽ പരം യെഹൂദൻ റോമാഭരണകൂടത്തോടെ മത്സരിച്ചു. തദവസരത്തിൽ മുപ്പതിനായിരത്തിൽപ്പരം യെഹൂദന്മാർ റോമാ പട്ടാളത്തിൽ കൊല്ലപ്പെട്ടു. എ.ഡി. 66-ലെ വിപ്ലവത്തെ നീറോ ചക്രവർത്തിയുടെ സർവ്വസൈന്യാധിപനായിരുന്ന വെസ്പേഷ്യൻ അടിച്ചമർത്തിയപ്പോൾ നാല്പതിനായിരത്തിലധികം പേർ വധിക്കപ്പെട്ടു. എ.ഡി. എഴുപതാമാണ്ട് അന്നത്തെ ചക്രവർത്തിയായിരുന്ന വെസ് പേഷ്യന്റെ പുത്രൻ തീത്തോസ് ഒരു  വലിയ സൈന്യത്തോടുകൂടി യെരുശലേമിനെ നിരോധിച്ച് കൈവശപ്പെടുത്തി ഈ യുദ്ധത്തിൽ പത്തുലക്ഷത്തോളം യെഹൂദന്മാർ വധിക്കപ്പെടുകയും കുതിരകളുടെ കുളമ്പ് മുങ്ങത്തക്കവിധം യെഹൂദന്മാരുടെ രക്തം യെരുശലേ

Jews had to suffer for their wrong doings and it was a historical reality. The days will come upon you when your enemies will build an embankment against you and encircle you and hem you in on every side. They will dash you to the ground, you and the children within your walls. They will not leave one stone on another, because you did not recognize the time of God's coming to you (Lk. 19:43-44) and to the daughters of Jerusalem, do not weep for me; weep for yourselves and for your children (Lk. 23:28) whatever Jesus said to them were fulfilled in their lives. The hardships of Jews from A.D. to the recent times are indescribable.

## Israel scattered completely

Jesus Christ was crucified when Pontius Pilate was the governor of Judea during the reign of Tiberius followed by Augustus. In A.D. 50, around 20 years after the death of Jesus, jews revolted against Roman rule. More than thirty thousand jews were killed by Romans then. Vespasian, the military commander of Nero declined the rebellion of A.D. 66 and morethan forty four thousand people were killed. In A.D. 70, Titus, son of Vespasian besieged and captured Jerusalem. In this war, around ten lakh jews were killed and the blood of jews flew through the streets of Jerusalem that hoofs of the horses

മിന്റെ തെരുവീഥികളിൽ കൂടി ഒഴുകുകയും ചെയ്തു. ഹെരോദാവിനാൽ പണി കഴിക്കപ്പെട്ടതും 46 സംവത്സരങ്ങൾകൊണ്ട് പൂർത്തിയാക്കപ്പെട്ടതുമായ മനോഹരമായ യെരുശലേം ദൈവാലയം ചുട്ടുചാമ്പലാക്കപ്പെട്ടു. അനേകം യെഹൂദന്മാരെ പ്രവാസികളായി സാമ്രാജ്യത്തിലെ വിവിധ ഭാഗങ്ങളിലേക്ക് കൊണ്ടുപോയി. 65 വർഷങ്ങൾക്ക് ശേഷം എ.ഡി. 135-ൽ യെഹൂദന്മാർ വീണ്ടും റോമാ സാമ്രാജ്യത്തോട് മത്സരിച്ചു. അപ്പോൾ റോമാ ചക്രവർത്തിയായിരുന്ന ഹെഡ്രിയാൻ യെഹൂദന്മാരെ പൂർണ്ണമായി അമർത്തുകയും മീഖാ 3:12 ലെ പ്രവചന നിവൃത്തിയെന്ന വണ്ണം സീയോൻ ഉഴുതു മറിക്കയും ചെയ്തു. അഞ്ചുലക്ഷത്തി അൻപതിനായിരത്തോളം യെഹൂദന്മാർ കൊല്ലപ്പെട്ടു. മാത്രമല്ല ഹെഡ്രിയൻ പുറപ്പെടുവിച്ച വിളംബരം മൂലം യഹൂദൻ പാലസ്തീനിൽ നിന്ന് പൂർണ്ണമായി നിഷ്കാസനം ചെയ്യപ്പെടുകയും ചെയ്തു. അവർ വാളിന്റെ വാഴ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും കൊണ്ടുപോകുകയും ചെയ്യും (ലൂക്കൊ. 21:24) എന്നു കർത്താവ് പറഞ്ഞപ്രകാരം അവർക്ക് സംഭവിച്ചു. ഹോശേയ പ്രവാചകൻ പറഞ്ഞിരുന്ന പ്രകാരം കഴിഞ്ഞ രണ്ട് സഹസ്രാബ്ദങ്ങളായി യിസ്രായേൽ രാജാവില്ലാതെയും പ്രഭുവില്ലാതെയും യാഗമില്ലാതെയും പ്രതിഷ്ഠയില്ലാതെയും ഏഫോദില്ലാതെയും ലോകകൃതികളുടെ ഇടയിൽ ചിതറിക്കുകയായിരുന്നു (ഹോശേ. 3:4).

തങ്ങളുടെ മദ്ധ്യത്തിലേക്ക് രക്ഷിതാവായി അയയ്ക്കപ്പെട്ട വാഗ്ദത്ത മശിഹായെ യഹൂദജാതി തിരസ്ക്കരിച്ചതിന്റെ കയ്പ്പേറിയ ഫലം അവർ പരിതാപകരമായി അനുഭവിച്ചതിന് ചരിത്രം സാക്ഷിനിൽക്കുന്നു. യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി വിശ്വസിച്ച് നിങ്ങൾ ശിക്ഷാവിധിയിൽ നിന്ന് രക്ഷിക്കപ്പെട്ട ദൈവരാജ്യത്തിൻെ അംശികളായി തീർന്നിരിക്കുന്നുവോ?

were sunk in it. Jerusalem temple, which was built by Herod after taking 46 years, was burnt and many jews were taken as exiled to different places of the empire. Jews again rebelled against Romans after 65 years in A.D. 135, and the jews were defeated by Hadrian and Zion was plowed like a field as the fulfilment of the prophecy recorded in Micah 3:12. This time five lakh fifty thousand jews were killed. Hardrian made a proclamation and all the jews had to leave Palastine Jesus' words about the jews were fulfilled that 'they will fall by sword and will be taken as prisoners to all the nations' (Lk. 21:24). Hosea also prophesied that for the Israelites will live many days without king or prince, without sacrifice or sacred stones, without ephod or household gods (Hos. 3:4).

The history of Israel witnessed the way in which jews were struggled in their lives because they did not accept the promised Messiah who had been sent into their midst as saviour. Are you the members of the kingdom of God after having saved by believing in the Lord and saviour Jesus Christ and also from the condemnation ?

## പ്രവൃത്തി പരിചയം / Activity

1. യേശുക്രിസ്തു വാഗ്ദത്തമശിഹാ എന്ന് ചുവടെ ചേർത്തിരിക്കുന്ന വാക്യങ്ങളുടെ അടിസ്ഥാനത്തിൽ എഴുതുക
Write, how Jesus became the promised Messiah from the scripture reference listed below

| | |
|---|---|
| ഉല്പത്തി 3:15<br>Gen. 3:15 | |
| ഉല്പത്തി 22:18<br>Gen. 22:18 | |
| യെശയ്യാവ് 7:14<br>Isa. 7:14 | |
| മീഖ 5:2<br>Mich. 5:2 | |
| യെശയ്യാവ് 42:67<br>Isa. 42:67 | |
| സെഖ. 9:9<br>Zech. 9:9 | |
| സെഖ. 11:12<br>Zech. 11:12 | |
| യെശയ്യാവ് 5:3<br>Isa. 5:3 | |
| സങ്കീ. 68:21<br>Ps. 68:21 | |
| സങ്കീ. 22:1<br>Ps. 22:1 | |
| സങ്കീ. 34:20<br>Ps. 34:20 | |
| സെഖ. 12:10<br>Zech. 12:10 | |
| സങ്കീ. 16:10<br>Ps. 16:10 | |

2. എ.ഡി. 50 വരെ യെഹൂദന്മാർ അനുഭവിച്ച പീഢനങ്ങളുടെ കാരണം എന്തെല്ലാം ? ഒരു റിപ്പോർട്ട് തയ്യാറാക്കുക
What are the reason for the persecution that had experienced by Jews up to AD 50.

3. യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിനുശേഷം റോമാ ഭരണകൂടത്തിൽ നിന്ന് യെഹൂദന്മാർ അനുഭവിച്ച പീഢനങ്ങളെക്കുറിച്ചുള്ള വിവരണം എഴുതുക.
Explain the persecution which incured by Jews from Roman after the crucifixion of Jesus